# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുഴൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി5)1524/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 10/10/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഴൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി5)1524/2023 തീയ്യതി: 10/10/2023

## തൃശ്ശൂർ ജില്ലയിലെ കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-11-2022 മുതൽ 14-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി. എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 16-08-2023 | 23-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-08-2023 | 23-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീന കെ.ടി, ഓഡിറ്റ് ഓഫീസർ

ശ്രീമതി സുമിത ടി. എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ധന്യ ദിലീപ്, ഓഡിറ്റർ

ശ്രീ. കൃഷ്ണരാഹുൽ എം.ടി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പോൾ കെ. പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| സുനിൽ കുമാർ കെ. യു. | സെക്രട്ടറി | 01-04-2022 | 06-10-2022 |
| നിഖിൽ കെ. കെ. | സെക്രട്ടറി | 07-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അബ്ദുള്ളബാബു പി. ഐ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| വിദ്യ കെ. കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| സിമ്മി | കൃഷി ഓഫീസർ | 01-04-2022 | 20-06-2022 |
| അശ്വതി കെ. | കൃഷി ഓഫീസർ | 21-06-2022 | 31-03-2023 |
| ഡോ. സുധാ മേനോൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 22-06-2022 |
| ഡോ. നിഷ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 23-06-2022 | 31-03-2023 |
| ഡോ. മനു മാത്യു | മെഡിക്കൽ ഓഫീസർ (മോഡേൺ മെഡിസിൻ) | 01-04-2022 | 31-03-2023 |
| ഡോ. ജിഷ്ണ വി. പി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ദീപ വി. എസ്. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശാന്ത പി. വി. | പ്രധാന അദ്ധ്യാപിക | 01-04-2022 | 31-03-2023 |
| ഡിനി വിൻസന്റ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ജിബിന. എം. എം. | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| നിഷ സി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| മുരളി വി. പി. | വില്ലേജ് എക്സ്റ്റ**ൻ**ഷ**ൻ** ഓഫീസ**ർ** (കുഴൂർ സർക്കിൾ ) | 01-04-2022 | 12-05-2022 |
| സന്തോഷ് സി. എസ്. | വില്ലേജ് എക്സ്റ്റ**ൻ**ഷ**ൻ** | 13-05-2022 | 26-07-2022 |

| | | | |
|---|---|---|---|
| | ഓഫീസർ (കുഴൂർ സർക്കിൾ ) | | |
| ജോയ് എം. ജെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുഴൂർ സർക്കിൾ ) | 27-07-2022 | 31-03-2023 |
| നൈന ബേബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുണ്ടർ സർക്കിൾ) | 01-04-2022 | 19-07-2022 |
| സന്തോഷ് സി. എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുണ്ടർ സർക്കിൾ ചാർജ്ജ്) | 20-07-2022 | 26-07-2022 |
| ജോയ് എം. ജെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുണ്ടർ സർക്കിൾ ചാർജ്ജ്) | 27-07-2022 | 29-08-2022 |
| നൈന ബേബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുണ്ടർ സർക്കിൾ) | 30-08-2022 | 19-11-2022 |
| ജോയ് എം. ജെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുണ്ടർ സർക്കിൾ ചാർജ്ജ്) | 20-11-2022 | 10-01-2023 |
| നൈന ബേബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുണ്ടർ സർക്കിൾ) | 11-01-2023 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | " Directly Debited By Bank” തുക പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-1-3 |
| 5 | ബാങ്ക് അക്കൗണ്ട് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ചെലവ് തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി | 1-1-5 |
| 7 | വസ്തു നികുതി റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | നോൺ-റെസിഡൻഷ്യൽ തൻവർഷം-വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | കുടിശ്ശിക റെസിഡൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | കുടിശ്ശിക നോൺ-റെസിഡൻഷ്യൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ലൈബ്രറി സെസ്സ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല | 1-1-10 |
| 12 | മുൻകൂർ തുക ഡിമാന്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല/ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തിട്ടില്ല | 1-1-11 |
| 13 | വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല | 1-1-12 |
| 14 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-13 |
| 15 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-14 |
| 16 | ലോൺ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-15 |
| 17 | Contractors Retention-ഡെപ്പോസിറ്റ് രജിസ്റ്റർ, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 തുകകളിൽ വ്യത്യാസം | 1-1-16 |
| 18 | വാടക ഡിമാന്റ് ചട്ടപ്രകാരം രേഖപ്പെടുത്തിയില്ല | 1-1-17 |
| 19 | വസ്തു നികുതി ഡിമാന്റ് ഒരു തവണമാത്രം രേഖപ്പെടുത്തി | 1-1-18 |
| 20 | വൗച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ് | 1-1-19 |

| | | |
|---|---|---|
| 21 | Prior Period Item”-വൗച്ചറുകൾ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകൾ എന്നിവ ലഭ്യമാക്കിയില്ല | 1-1-20 |
| 22 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-21 |
| 23 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല | 1-1-22 |
| 24 | പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം രേഖപ്പെടുത്തിയിട്ടില്ല | 1-1-23 |
| 25 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17, ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 തുകകൾ പൊരുത്തമില്ല | 1-1-24 |
| 26 | Capital Work In Progress തെറ്റായി രേഖപ്പെടുത്തി | 1-1-25 |
| 27 | ശീർഷകങ്ങളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല | 1-1-26 |
| 28 | Ground Water Departmentന് കൈമാറിയ തുക-അഡ്വാൻസായി ഉൾപ്പെടുത്തിയില്ല | 1-1-27 |
| 29 | ബജറ്റ് | 1-2 |
| 30 | ഫണ്ട് വിനിയോഗം | 1-3 |
| 31 | പദ്ധതി അവലോകനം | 1-4 |
| 32 | ക്ഷേമപെൻഷനുകൾ | 1-5 |
| 33 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 34 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 35 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 36 | പഞ്ചായത്ത് നികുതി നികുതിയേതര വരവുകളുടെ അവലോകനം | 1-9 |
| 37 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-10 |
| 38 | റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-11 |
| 39 | പെർമിറ്റ് പരിശോധന അപാകതകൾ | 1-12 |
| 40 | ജിയോളജി വകുപ്പിന്റെ അനുമതി ഹാജരാക്കിയില്ല | 1-13 |
| 41 | ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിച്ചിട്ടില്ല | 1-14 |
| 42 | ആശുപത്രി മാനേജിങ്ങ് കമ്മിറ്റി കണക്കുകൾ ഹാജരാക്കിയിട്ടില്ല | 1-15 |
| 43 | പത്ര പരസ്യം ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല | 1-16 |
| 44 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-17 |
| 45 | GeM ൽ നിന്ന് വാങ്ങൽ നടത്തിയില്ല | 1-18 |
| 46 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് കൂടാതെ മരുന്ന് വാങ്ങൽ നടത്തി | 1-19 |
| 47 | ജില്ലാ സമിതി നിരക്ക് അംഗീകരിക്കാത്ത ഇനങ്ങൾക്ക് സബ്സിഡി നൽകി | 1-20 |
| 48 | വനിത പദ്ധതിയിൽ പുരുഷ ഗുണഭോക്താവിന് ധനസഹായം നൽകി | 1-21 |

| | | |
|---|---|---|
| 49 | ജലനിധി കുടിശ്ശിക 58,65,221 രൂപ | 1-22 |
| 50 | തൊഴിലുറപ്പുപദ്ധതി-സിമന്റ് നിരക്ക് പ്രൈസ്, മാർക്കറ്റ് നിരക്കിനേക്കാൾ അധികം | 1-23 |
| 51 | വിദഗ്ധ തൊഴിലാളികൾക്ക് വേതനം - മസ്റ്റർറോളിൽ പേരില്ലാത്തവർക്ക് വേതനം നൽകി | 1-24 |
| 52 | തൊഴിലുറപ്പ് പദ്ധതി കരാറുകാരൻ വിദഗ്ധ-അർദ്ധവിദഗ്ധ തൊഴിലാളികളെ നിയോഗിക്കുന്നു | 1-25 |
| 53 | ഭൂജലവകുപ്പിലേക്ക് തുക അടവാക്കിയത് വിനിയോഗ വിവരം ഇല്ല | 1-26 |
| 54 | ഹോംകോയിൽ നിന്നും ബാലൻസ് തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-27 |
| 55 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിട്ട് പോയഗുണഭോക്താക്കൾക്ക് വേണ്ടി അടവാക്കിയ പദ്ധതി വിഹിതം തിരികെ ഈടാക്കേണ്ടതാണ് | 1-28 |
| 56 | വീട് വാസയോഗ്യമാക്കൽ പദ്ധതി-ഓവർസിയറുടെ വാല്യുവേഷൻ ഇല്ലാതെ തുക നൽകി | 1-29 |
| 57 | അനിവാര്യ വകയിരുത്തലുകൾ -തുക ചെലവഴിച്ചില്ല | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 07.07.2023 തീയതിയിലെ 1(1)-ാം നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 12.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുഴൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:തൃശ്ശൂർ

തീയതി:10.10.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

### 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)).

### 1-1-2 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ

## ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1619103 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (2185206) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-3 " Directly Debited By Bank" തുക പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്

CSB DISTRESS RELIEF FUND KUZHUR A/c No. 005704015596195001 ന്റെ പാസ്സ്ബുക്കിൽ വന്ന താഴെ പറയുന്ന ഡെബിറ്റ് തുകകൾ 31/3/2023 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രികയിൽ " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി. വിശദാംശം ചുവടെ ചേർക്കുന്നു.

| തീയ്യതി | തുക |
|---|---|
| 5.3.2023 | 87 |
| 1.12.2022 | 944 |
| 31.12.2022 | 944 |
| ആകെ | 1975 |

## 1-1-4 ബാങ്ക് അക്കൗണ്ട് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

കാനറ ബാങ്ക് ഹെൽത്ത് ഗ്രാന്റ് ബിൽഡിങ് ലെസ്സ് PHC A/C No. 110042012048 ന്റെ റികൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടുണ്ട് എന്നാൽ ഈ ബാങ്ക് അക്കൗണ്ട് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-5 ചെലവ് തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ടുകളിൽ താഴെ കൊടുത്തിരിക്കുന്ന പ്രവൃത്തികൾ തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തിയതിനാൽ തത്തുല്യ തുകക്കുള്ള ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാതെ പോകാൻ ഇടയാക്കി. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ നമ്പർ/പേര് | നൽകിയ തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം |
|---|---|---|---|
| 1 | 95/23 അങ്കണവാടികളിലെ ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിന് സ്റ്റീൽ കണ്ടെയ്നർ വാങ്ങൽ | 100000 | 251170006 -Infrastructure Facilities For Anganwadies |
| 2 | 97/23- അങ്കണവാടികളിലേക്ക് | 100000 | 251170104- Anganwadi |

| | | | |
|---|---|---|---|
| | ഫർണീച്ചർ വാങ്ങൽ | | Related Services |
| 3 | 98/23- അങ്കണവാടികൾ സ്മാർട്ടാക്കൽ | 100000 | 251170104-Anganwadi Related Services |

## 1-1-6 വസ്തു നികുതി റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1733508 | 1727410 | 9143 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1733508 | 1724482 | 5271 | 0 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | |

1. കളക്ഷൻ തുക, മുൻകൂർ ക്രമീകരിച്ച തുക എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു

2. വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ്-(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയ സോഫ്റ്റ്‌വെയറിലും വാർഷികകണക്കിലും കണക്കാക്കപ്പെടുന്നില്ല.

## 1-1-7 നോൺ-റെസിഡൻഷ്യൽ തൻവർഷം-വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1108815 | 1105474 | 5361 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1108815 | 1103474 | 195 | 0 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | |

1. കളക്ഷൻ തുക, മുൻകൂർ ക്രമീകരിച്ച തുക എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു

2. വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയ സോഫ്റ്റ്‌വെയറിലും വാർഷികകണക്കിലും കണക്കാക്കപ്പെടുന്നില്ല.

## 1-1-8 കുടിശ്ശിക റെസിഡൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3159 | 3162 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1208 | 3162 | 0 |
| | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (629+640=1269/105*100=1208) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | |

1. ഡിമാന്റ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു

2. വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയ സോഫ്റ്റ്‌വെയറിലും വാർഷികകണക്കിലും കണക്കാക്കപ്പെടുന്നില്ല.

## 1-1-9 കുടിശ്ശിക നോൺ-റെസിഡൻഷ്യൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 278955 | 278957 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 211277 | 278956 | 0 |
| | (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(57065+164776=221841/105*100=211277) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ | |

| | | | |
|---|---|---|---|
| | | ആർ.പി-45) | |

1. ഡിമാന്റ്, കളക്ഷൻ തുകകൾ എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു

2. വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുകസഞ്ചയസോഫ്റ്റ്‌വെയറിലും വാർഷികകണക്കിലുംകണക്കാക്കപ്പെടുന്നില്ല.

### 1-1-10 ലൈബ്രറി സെസ്സ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 157768 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 157767 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല മറിച്ച് 159051 രൂപയാണ് (ജേണൽ വൗച്ചർ നം.42201417/ 31-03-2023 & ജേണൽ വൗച്ചർ നം. 42201421/31-03-2023).

### 1-1-11 മുൻകൂർ തുക ഡിമാന്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല/ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 163500 |
| 2 | ഫാക്ടറി വ്യാപാര ലൈസൻസ് | 350410301-Advance Collection Of Revenues-Licence Fees For Factories, Traders, Entrepreneurs And Other Services | 124950 |

### 1-1-12 വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance | 2928 | 162700 |

| | | | |
|---|---|---|---|
| | Collection Of Revenues -Property Tax On Residential Building | | |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 2000 | 37648 |

1-1-13 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1-14 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

4. വാടക ഡിമാന്റ് രജിസ്റ്റർ

5. ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ

6. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

7. ഭൂമി പാട്ടം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ (എഴുതി സൂക്ഷിക്കുന്നില്ല)

1-1-15 ലോൺ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല

ലോൺ രജിസ്റ്ററിൽ മുന്നിരിപ്പ് തുക, 2022-23 വർഷത്തെ ചെലവ് തുക എന്നിവമാത്രമാണ് ചേർത്തിട്ടുള്ളത്. ലോൺ വരവിന്റെയും ചെലവിന്റെയും വിശദവിവരങ്ങൾ ചേർത്ത് ലോൺ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ലോൺ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

1-1-16 Contractors Retention-ഡെപ്പോസിറ്റ് രജിസ്റ്റർ, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 തുകകളിൽ വ്യത്യാസം

ഡെപ്പോസിറ്റ് രജിസ്റ്റർപ്രകാരം 01.04.2022 ലെ മുന്നിരിപ്പ് തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 നുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരം 31/3/2022ലെ നീക്കിയിരിപ്പ് | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 1/4/2022 ലെ മുന്നിരിപ്പ് |
|---|---|

| | |
|---|---|
| 340100301-Contractors Retention-205743 രൂപ | 340100301-Contractors Retention-164282 രൂപ |

### 1-1-17 വാടക ഡിമാന്റ് ചട്ടപ്രകാരം രേഖപ്പെടുത്തിയില്ല

2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (12 കെട്ടിടങ്ങൾ) | 130100101-Rent From Building | 302508 | 31.3.2023 | J 42201395 |
| 2. | ഭൂമി പാട്ടം | 130100102-Rent From Lease Of Lands | 12700 | 31.3.2023 | J 42201405 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-1-18 വസ്തു നികുതി ഡിമാന്റ് ഒരു തവണമാത്രം രേഖപ്പെടുത്തി

1/4/2022ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ കുഴൂർ ഗ്രാമപഞ്ചായത്തിൽ 129 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റതവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും

സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-19 വൗച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ്

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-20 Prior Period Item"-വൗച്ചറുകൾ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകൾ എന്നിവ ലഭ്യമാക്കിയില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | -60538 (Difference In RP & IE) |
| 190200401-Prior Period Income-Other Income | -1250(Difference In RP & IE) |
| 290800601-<br>Prior Period Expenses-Revenue Grants And Contributions | -1600000/- |
| 290800701-<br>Prior Period Expenses-Miscellaneous Expenses | 3005193/- |

## 1-1-21 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-22 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല

സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 1-1-23 പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം രേഖപ്പെടുത്തിയിട്ടില്ല

A) താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210101 | ജലനിധി SBI<br>37576695639 | 6526 |

B) ബി 4-Grants Funds & Contributions For Specific Purpose-Other Govt. Agencies-320300199 എന്ന ശീർഷകത്തിൽ 1981 രൂപയാണ് നീക്കിയിരിപ്പുള്ളത്. എന്നാൽ ACR പ്രകാരം നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത് 6526 രൂപയാണ്.

## 1-1-24 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17, ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 തുകകൾ പൊരുത്തമില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം/തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320200104 | CFC- Basic Tax Grant 2214496/- | 450210101 | CSB 5704023982190001 | 4708938/- |
| 2 | 320200113 | CFC- Tied Fund 2429183/- | | | |

## 1-1-25 Capital Work In Progress തെറ്റായി രേഖപ്പെടുത്തി

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/23വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ

31/3/2023 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 115748 രൂപയാണ്. എന്നാൽ 31/3/2023 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 0 രൂപയാണ്.

## 1-1-26 ശീർഷകങ്ങളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല

1/4/2022 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ. 26/7/11 പ്രകാരം നിർവ്വചിച്ച അക്കൗണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്നു. ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.

Opening Balance Sheet

31/3/2022 ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ സോഫ്റ്റ്‌വെയറിൽ ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി കാണുന്നു. ആകെ തുകയിൽ വ്യത്യാസമില്ല. ഇപ്രകാരം വിഭജിച്ച് നല്കിയതിന് ആധികാരികമായി വർക്ക്ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.

## 1-1-27 Ground Water Departmentന് കൈമാറിയ തുക-അഡ്വാൻസായി ഉൾപ്പെടുത്തിയില്ല

Ground Water Departmentന് വൗച്ചർ നം. 42201299,dt.15-3-23 പ്രകാരം 68000 രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. 460500204-Advance To Implementing Agencies Deposit With Ground Water Department എന്ന ശീർഷകത്തിൽ പ്രസ്തുത തുക അഡ്വാൻസായി ഉൾപ്പെടുത്തേണ്ടതിനു പകരം 414120003 Public Drinking Water Programmes-New Borewell എന്ന ശീർഷകത്തിൽ ആസ്തിയായി ഉൾപ്പെടുത്തി. മേൽ അപാകത തുടർവർഷത്തിൽ പരിഹരിക്കേണ്ടതും ബന്ധപ്പെട്ട രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്.

## 1-2 ബജറ്റ്

| | പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| ബജറ്റ് | 25-2-22 | 1(1) | 204856500 | 212949000 |
| റിവൈസ്ഡ് ബജറ്റ് | 14-3-23 | 1(1) | 253194633 | 255955203 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 14235000 | 14235000 | 13949475 | 285525 |
| വികസനഫണ്ട്-എസ്.സി.പി | 0 | 4244000 | 4244000 | 3892106 | 351894 |
| വികസനഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 11972000 | 11972000 | 8266619 | 3705381 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺറോഡ് | 0 | 4570000 | 4570000 | 3630822 | 939178 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് | 697142 | 3713000 | 4410142 | 1980956 | 2429186 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ബേസിക് ടാക്സ് ഗ്രാന്റ് (ACR) | 121392 | 2605515 | 2726907 | 512411 | 2214496 |
| ജലനിധി | 2085727 | 55991 | 2141718 | 44750 | 2096968 |
| സെൻട്രലി സ്പോൺസേഡ് സ്കീം (ICDS) | 276516 | 1378126 | 1654642 | 517787 | 1136855 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 296516 | 0 | 296516 | 75000 | 221516 |
| ടോട്ടൽ സാനിട്ടേഷൻ | 1640583 | 0 | 1640583 | 410000 | 1230583 |
| സെൻട്രലി സ്പോൺസേഡ് സ്കീം (ടോട്ടൽ സാനിട്ടേഷൻ കാമ്പയിൻ) | 852345 | 0 | 852345 | 752911 | 99434 |
| വിമുക്തി ഗ്രാന്റ് | 28600 | 0 | 28600 | 0 | 28600 |
| ലിറ്ററസി സ്കീം ഗ്രാന്റ് | 3227 | 88 | 3315 | 0 | 3315 |
| MLA ഫണ്ട് | 27543 | 0 | 27543 | 0 | 27543 |
| സ്വച്ഛ് ഭാരത് മിഷൻഫേസ് 2 | 0 | 72000 | 72000 | 72000 | 0 |
| ഹെൽത്ത് & വെൽനെസ്സ് ആക്ടിവിറ്റീസ് | 0 | 168738 | 168738 | 136695 | 32043 |
| ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 0 | 331021 | 331021 | 301492 | 29529 |

1) സി.എഫ്.സി ടൈഡ്, സി.എഫ്.സി അൺടൈഡ് എന്നിവയുടെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല. സി.എഫ്.സി അൺടൈഡ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല.
2) വികസന ഫണ്ട് ജനറൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ സ്രോതസ്സിൽനിന്നും കുറവ് ചെയ്ത 1140200 രൂപ വരവായി എടുത്തിട്ടില്ല. ചെലവിൽ ടി തുകയ്ക്ക് പകരം 1084039 രൂപയാണ് എടുത്തിട്ടുള്ളത്. 56161 രൂപയുടെ വ്യത്യാസമുണ്ട്.
3) SCP-ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ സ്രോതസ്സിൽനിന്നും കുറവ് ചെയ്ത 84415 രൂപ വരവായി എടുത്തിട്ടില്ല, ചെലവായി എടുത്തിട്ടുണ്ട്. അപാകത പരിഹരിച്ച വിവരങ്ങളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-4 പദ്ധതി അവലോകനം

| | അംഗീകാരം ലഭിച്ചവ | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതിതുകയുടെ | നടപ്പാക്കിയ പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | | | ശതമാനം | എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 186 | 109827750 | 130 | 42457340 | 38.65% | 69.89% |

## 1-5 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5441200 | 392 |
| വിധവാ പെൻഷൻ | 10442400 | 872 |
| വാർദ്ധക്യകാല പെൻഷൻ | 20350300 | 2066 |
| വികലാംഗ പെൻഷൻ | 3112600 | 185 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 881000 | 54 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000 | 5 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1134139 | 1134139 | 1134139 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 19154271 | 19154271 | 19154271 | 0 |
| മെറ്റീരിയൽകോസ്റ്റ് | 0 | 3141472 | 3141472 | 3141472 | 0 |
| ആകെ | 0 | 23429882 | 23429882 | 23429882 | 0 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-08-2023 തീയതിയിൽ 03:30 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 762/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 പഞ്ചായത്ത് നികുതി നികുതിയേതര വരവുകളുടെ അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

കഴൂർ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിട്ട്സിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള നികുതി വരുമാനങ്ങൾ നിശ്ചിത സമയത്തിനകം സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ നികുതി വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടുണ്ട്. 100% നികുതി പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. കുടുംബശ്രീ അംഗങ്ങൾ വഴി ഡിമാൻഡ് നോട്ടീസ് വിതരണം ചെയ്യുകയും മൈക്ക് അനൗൺസ്മെന്റ്, കളക്ഷൻ ക്യാമ്പ്

എന്നിവ നടത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ പഞ്ചായത്തിൽ നികുതി വരുമാനത്തിൽ കുടിശ്ശികയില്ല. എന്നാൽ വാർഷിക കണക്ക് പ്രകാരം വാടകയിനത്തിൽ 1,50,402/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനങ്ങൾ നടത്തി വരുന്നില്ല. നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കലെങ്കിലും ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയും ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്കു നൽകേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയിലും ഭരണസമിതി യോഗത്തിലും അജണ്ട ഉൾപ്പെടുത്തി ചർച്ച ചെയ്യുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്.

തനത് വരുമാനത്തിലെ കുടിശിക നിവാരണത്തിനായി കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് ( % ) | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 1686579 | 1733508 | 2.78 | 113 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 1021421 | 1108815 | 8.56 | |
| തൊഴിൽ നികുതി - സ്ഥാപനങ്ങൾ, ട്രേഡേഴ്സ് | 311780 | 311740 | -0.01 | |
| തൊഴിൽ നികുതി - ജീവനക്കാർ | 895060 | 946010 | 5.69 | |
| വാടക | 385473 | 302508 | -21.52 | |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ നികുതിയിനങ്ങളിൽ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് വാടകയിനത്തിലെ ഡിമാന്റിൽ വൻ കുറവ് വന്നിട്ടുണ്ട്. കൂടാതെ കുടിശ്ശിക മാറ്റമില്ലാതെ തുടരുന്നതായാണ് കാണുന്നത്. ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

വസ്തുനികുതി

കേരള സർക്കാർ തദ്ദേശസ്വയംഭരണ (ആർ.സി)വകുപ്പ് പുറപ്പെടുവിച്ച സ.ഉ(അച്ചടി) നം. 25/2023 ത.സ്വ.ഭ.വ തീയതി 05.04.2023 വിജ്ഞാപന പ്രകാരം കുഴൂർ ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് വേണ്ടി ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ശുപാർശയോടെ ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചത് 26.06.2023 ലെ ഭരണസമിതി യോഗം തീരുമാനം നമ്പർ 3(1) പ്രകാരം അംഗീകരിച്ച് തീരുമാനമായിട്ടുണ്ട്.

സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻറെ സാമ്പത്തിക സ്ഥിതി മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ച് ഓരോ വിഭാഗത്തിന്റെയും അടിസ്ഥാന നിരക്ക് പുതുക്കി നിശ്ചയിച്ചതിന്റെ കരട് വിജ്ഞാപനം ചെയ്യുകയും ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി 30 ദിവസത്തെ സമയം നൽകി 29.04.2023ലെ ഭരണസമിതി തീരുമാന നം.6/1 പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആക്ഷേപങ്ങൾ ഒന്നും ഇല്ലാത്തതിനെ തുടർന്ന് 01.04.2023 മുതൽ പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി നടപ്പിലാക്കുവാൻ 26.06.2023 ലെ ഭരണസമിതി യോഗം തീരുമാനം നമ്പർ 3-(1) പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2022-23 വസ്തു നികുതി പരിഷ്കരണത്തിന്റെ ഉത്തരവുകൾ അനുസരിച്ച് നിലവിലുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതിയുടെ 5% വർദ്ധനവ് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നിലവിൽനടത്തിയിട്ടുണ്ടെങ്കിലും

പുതിയ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിൽ നികുതി ഈടാക്കുന്നതിനായുള്ള സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടില്ലാത്തതാണ്. ആയതിനാൽ കൂടിയ നിരക്ക് നിലവിൽ വരുമ്പോൾ അടയ്ക്കുന്നതാണെന്നുള്ള രേഖമൂലമുള്ള ഉറപ്പിന്മേൽ നിലവിൽ പുതിയ കെട്ടിടങ്ങൾക്ക് പഴയ നിരക്കിലാണ് നികുതി ഈടാക്കി വരുന്നത്. ആയതിനോടനുബന്ധിച്ച് ഡാറ്റ പ്യൂരിഫിക്കേഷൻ നടത്തി ലോക്ക് ചെയ്തിട്ടുണ്ട്. എന്നാൽ കൃത്യമായ റോഡ് മാപ്പ് തയ്യാറാക്കിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും) സർചാർജ് ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖല സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് ചട്ടം 26 പ്രകാരം ഈടാക്കാവുന്ന സേവന ഉപനികുതി ചുമത്തേണ്ടതില്ല എന്ന് 29.04.2023 ലെ സാധാരണയോഗം തീരുമാന നം.6/1 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ നിലവിലില്ലാത്തതിനാൽ സർവീസ് ചാർജ് ഇനത്തിലും പഞ്ചായത്തിന് വരുമാനം ഇല്ല.

തൊഴിൽ നികുതി

പഞ്ചായത്ത് പരിധിയിൽ റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച വരുന്നുണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്നും, കള്ള് ഷാപ്പുകൾ, ക്ഷീരവികസന സംഘങ്ങൾ എന്നിവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വരുന്നതായി കാണുന്നില്ല. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് തടയുന്നതിനും സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ കൃത്യമായി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതിനും അതുവഴി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് സൂക്ഷിക്കുന്നില്ല.

വിനോദനികുതി

അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/സ്റ്റേഡിയം, നീന്തൽ കുളങ്ങൾ എന്നിവ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ആയതിനാൽ തന്നെ വിനോദ നികുതി വരുമാനത്തിന്റെ സാധ്യത പഞ്ചായത്തിൽ നിലനിൽക്കുന്നില്ല. വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങളെ സംബന്ധിച്ച് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ എടുത്തതായി കാണുന്നില്ല.

VI. നികുതിയേതര വരവുകൾ

(1) വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വരുന്നുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വരുന്നുണ്ടെങ്കിലും ചില സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ട്. ആയത് സംബന്ധിച്ച് ഖണ്ഡിക 1-11 ൽ പരാമർശിക്കുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും) ലൈസൻസ് നൽകൽ, ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 18, 21, 24 എന്നിവ പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്.

(2) ലേലം, ഫലവൃക്ഷങ്ങൾ എന്നിവയിൽ നിന്നുള്ള ആദായം സംബന്ധിച്ച പരിശോധന

ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിലവിലുണ്ട്. ആയതിലെ റൂമുകൾ വാടകയ്ക്ക് നല്കിയിട്ടുള്ളതാണ്. കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലം ചെയ്യുന്നതു സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ട്. പാഴ് വസ്തുക്കൾ, വെട്ടിയിട്ട മരങ്ങൾ, അവയുടെ വിറക് എന്നിവ ലേലം ചെയ്ത് മുതൽക്കൂട്ടിയത് പരിശോധിച്ചു. ആയവയുടെ ലേലം യഥാസമയം നടത്തിയിട്ടുണ്ട്. ആംബുലൻസ്, കാർഷികയന്ത്രങ്ങൾ തുടങ്ങിയവയിൽ നിന്നും പഞ്ചായത്തിന് വാടകയില്ല.

ശുപാർശകൾ

വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ, ലേലം എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

## 1-10 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച് കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ്, 204). എന്നാൽ 2022-23 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും സ്ഥാപനങ്ങൾ FTEAOS ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി രണ്ട് അർദ്ധ വർഷങ്ങളിലും ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ലാത്തതാണ്. ആയത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 13/22.08.2023).

.

| ക്രമ നം. | സ്ഥാപനം. |
|---|---|
| 1 | റേഷൻ കടകൾ |
| 2 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ |
| | A) ടെക് മെഡി ലാബ്<br>B) വെളിയത്ത് ഹോമിയോപതി ക്ലിനിക്ക്<br>C) ഹൈടെക് ക്ലിനിക്കൽ ലബോറട്ടറി |
| 3 | ക്ഷീര സഹകരണ സംഘങ്ങൾ |

## 1-11 റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം റേഷൻ കട, ക്രമ നം.139 പ്രകാരം കള്ള് ഷാപ്പ്, ക്രമ നം.132 പ്രകാരം ക്ഷീര സഹകരണ സംഘം എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ അപേക്ഷകർ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും ഫാക്ടറി വ്യാപാര ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ആയതിൽ റേഷൻ കടകളും, കള്ളുഷാപ്പുകളും, ക്ഷീര സഹകരണ സംഘങ്ങളും (പി.ഡി.ഡി.പി ക്ഷീര സഹകരണ സംഘം, കുഴൂർ ക്ഷീര സഹകരണ സംഘം) ഉൾപ്പെട്ടിരുന്നില്ല. പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുപ്പിക്കുന്നതിനായി ഫീൽഡ്തല സന്ദർശനം നടത്തി നോട്ടീസ് നൽകുന്നതിനും, ലൈസൻസ് ഫീ ഈടാക്കി ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 പെർമിറ്റ് പരിശോധന അപാകതകൾ

1)ഫയൽ നം. A1-2071/22 തീയതി 27.9.2022

Naturoma Agri Commodities Pvt. Ltd. ചെയർമാൻ ഗുരുവായൂർ എ. ബാലകൃഷ്ണൻ, ഐരാണിക്കുളം എന്നവർ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ പെർമിറ്റിനായി സമർപ്പിച്ച ഫയൽ പരിശോധനയിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്ലോട്ട് ഏരിയ - 45.11 ആർ

സർവെ നം. - 56/9-5, 56/9-3, 56/9-6, 56/9-4

നിർദ്ദിഷ്ട ഗ്രൗണ്ട് ഫ്ലോർ - 114.19$M^2$

നിർദ്ദിഷ്ട ഫസ്റ്റ് ഫ്ലോർ- 136$M^2$

ആകെ നിർദ്ദിഷ്ട വിസ്തീർണ്ണം -250.19$M^2$

നിലവിലുള്ള കെട്ടിടം - 408.80$M^2$

നിലവിലുള്ള കെട്ടിടം - 86$M^2$

പ്ലാനിൽ നിലവിലുള്ള കെട്ടിടങ്ങൾ XIV/378A, XIV/378B, XIV/378C എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഓരോ കെട്ടിടങ്ങളുടേയും വിസ്തീർണം വേർതിരിച്ച് സൂചിപ്പിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ നിർമ്മാണം വ്യവസായകെട്ടിടം ആണെന്നും പ്ലോട്ടിൽ ഉള്ള എല്ലാനിലവിലുള്ള കെട്ടിടങ്ങളുടേയും വിസ്തീർണം പ്ലാനിൽ കാണിക്കണമെന്നും കെട്ടിടനിർമ്മാണ ചട്ടപ്രകാരം പ്ലാൻ സമർപ്പിക്കേണ്ടതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. ഈ ന്യൂനതകൾ 18/10/2022 തീയതിയിലെ 400741/BPMC01 /General/2022/2071/(1)നമ്പർ കത്തിലൂടെ ഉടമസ്ഥനെ അറിയിച്ചിട്ടുണ്ടെങ്കിലും അപാകത പരിഹരിച്ചിട്ടില്ല (ഓഡിറ്റ് അന്വേഷണം നം. 16/22.8.2023). സ്ഥലപരിശോധന നടത്തേണ്ടതും ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2)ഫയൽ നം. A1-2605/23

Naturoma Agri Commodities Pvt Ltd ന്റെ പൂർത്തീകരിച്ച 334.98$M^2$ കെട്ടിടത്തിന്റെ റെഗുലറൈസേഷനായി സമർപ്പിച്ച പ്ലാനിലും Existing GF- 408.80$M^2$, Existing GF- 86$M^2$ എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്ലോട്ടിൽ ഉള്ള എല്ലാനിലവിലുള്ള കെട്ടിടങ്ങളുടേയും വിസ്തീർണം വേർതിരിച്ച് സൂചിപ്പിച്ചിട്ടില്ല.

ഫയൽ പരിശോധനയിൽ 3/6/2023 ലെ 400741/BADD01/General/2023/2046/(2) നമ്പർ നോട്ടീസ് പ്രകാരം പഞ്ചായത്തിലെ 14-ാം വാർഡിൽ ഡയറക്ടർ, Naturoma Agri Commodities Pvt. Ltd. എന്നവർ അനധികൃതനിർമ്മാണ പ്രവൃത്തികൾ/മണ്ണ് നീക്കംചെയ്യൽ നടത്തുന്നതായി പരാതിലഭിക്കുകയും പ്രവൃത്തികൾ അടിയന്തിരമായി നിർത്തിവെക്കേണ്ടതും ആയതിന് പഞ്ചായത്തിന്റെ അനുമതി ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നും അല്ലാത്തപക്ഷം കെട്ടിടനിർമ്മാണചട്ടങ്ങൾ 2019 ചട്ടം 96 പ്രകാരം നടപടികൾസ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച തുടർനടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് പെർമിറ്റിനായി ഫയൽ ലഭ്യമാക്കിയിട്ടില്ല എന്ന മറുപടിയാണ് ലഭ്യമായത് (ഓഡിറ്റ് അന്വേഷണം നം. 16/22.8.2023). പ്രസ്തുത മറുപടി തൃപ്തികരമല്ല. പഞ്ചായത്തിന്റെ അനുമതിയില്ലാതെയുള്ള മണ്ണ് നീക്കം ചെയ്യൽ/അനധികൃതനിർമ്മാണം സംബന്ധിച്ച് ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ജിയോളജി വകുപ്പിന്റെ അനുമതി ഹാജരാക്കിയില്ല

ഡെവലപ്മെന്റ് പെർമിറ്റ് നം.A1-BA(204465)/2022, തീയതി 21.6.2022 പ്രകാരം പോളി, പള്ളിപ്പാടൻ, ഉമ്പരശ്ശേരി എന്നവർക്ക് സർവെ നം. 410/4-18 ൽ 590.92$M^2$ മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നല്കിയിട്ടുണ്ട്. മണ്ണ് നീക്കം ചെയ്യുന്നതിനുമുൻപ് ജിയോളജി വകുപ്പിന്റെ അനുമതി ലഭ്യമാക്കേണ്ടതാണെന്ന് പെർമിറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത അനുമതി പരിശോധനയ്ക്ക് ഹാജരാക്കിയില്ല. അപാകത സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നം. 17/22.8.2023). ജിയോളജി വകുപ്പിന്റെ അനുമതി ഹാജരാക്കേണ്ടതാണ്.

## 1-14 ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിച്ചിട്ടില്ല

1) പഞ്ചായത്തിന് വിവിധ സ്രോതസ്സുകളിൽ നിന്ന് പ്രത്യേക ആവശ്യങ്ങൾക്കായി ലഭ്യമായതും 2022-23 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി4 ൽ ബാലൻസ് ഉള്ളതുമായ താഴെ ചേർക്കുന്ന തുകകൾ ലഭ്യമായ തീയതി, ഏത് ഏജൻസിയിൽ നിന്ന് ലഭ്യമായി എന്നീ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നമ്പർ-11/22.8.2023).

| ക്രമ നമ്പർ | ഹെഡ്ഡ് | തുക ലഭ്യമായ ഏജൻസി | ബാലൻസ് തുക (₹) |
|---|---|---|---|
| 1 | 320100190 | വിമുക്തി ഗ്രാന്റ് | 28600 |
| 2 | 320100196 | Integrated Child Development Scheme | 1136855 |
| 3 | 320100198 | ശുചിത്വ മിഷൻ | 221516 |
| 4 | 320200307 | MLA Fund | 27543 |
| 5 | 320300102 | ജലനിധി | 2096968 |
| 6 | 320300103 | Total Sanitation | 1230583 |
| 7 | 320700404 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 15223 |
| 8 | 320800101 | ഗുണഭോക്തൃവിഹിതം | 166445 |
| 9 | 320900102 | Donations Related To Pandemic Control | 1976 |

ഇവ പരിശോധിച്ച് ലഭ്യമായ ആവശ്യത്തിലേക്കായി ഉപയോഗിക്കേണ്ടതും അല്ലാത്ത പക്ഷം ലഭ്യമാക്കിയ സ്രോതസ്സിലേക്ക് തിരികെ അടവാക്കേണ്ടതുമാണ്. ഗുണഭോക്തൃ വിഹിതമിനത്തിലെ ബാലൻസ് പരിശോധിച്ച് മൂന്ന് വർഷമായിട്ടും ക്ലെയിം ചെയ്യാത്ത തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. കോവിഡ് സംഭാവന തുക സംബന്ധിച്ച് സർക്കാരിൽ നിന്ന് നിർദ്ദേശം വാങ്ങേണ്ടതാണ്.

2) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-9 പ്രകാരം 350200119-Recoveries Payable -Covid എന്ന ശീർഷകത്തിൽ 112600 രൂപ ചേർത്തിട്ടുണ്ട്. പ്രസ്തുത തുക കോവിഡ് കാലത്ത് മെമ്പർമാരിൽനിന്നും സമാഹരിച്ച തുകയാണ്. സർക്കാരിന്റെ നിർദ്ദേശാനുസരണം പ്രസ്തുത തുക വിനിയോഗിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം. 18/23.8.2023).

## 1-15 ആശുപത്രി മാനേജിങ്ങ് കമ്മിറ്റി കണക്കുകൾ ഹാജരാക്കിയിട്ടില്ല

ആശുപത്രി മാനേജിങ്ങ് കമ്മിറ്റി കണക്കുകൾ സമയബന്ധിതമായി ഹാജരാക്കിയിട്ടുണ്ടോ എന്ന ഓഡിറ്റ് എൻക്വയറിക്ക് കഴൂർ ഗവ. ആയുർവേദ ഡിസ്പെൻസറിയുടെ 2019-20 മുതൽ 2021-22 വരെയുള്ള കണക്കുകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ എന്ന് മറുപടി നൽകി. 2019-20 ന് മുൻപുള്ള വർഷങ്ങളിലെ കണക്കുകൾ ഹാജരാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അലോപ്പതി, ഹോമിയോ വിഭാഗങ്ങൾ കണക്കുകൾ കൃത്യമായി ഹാജരാക്കുന്നുണ്ട്.

## 1-16 പത്ര പരസ്യം ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല

ജി.ഒ (ആർ.ടി) 01/11 ഐ&പി.ആർ.ഡി തീ.04.01.2011, ജി.ഒ(ആർ.ടി)288/14/ഐ&പി.ആർ.ഡി തീ. 10.09.2014, സ.ഉ(അച്ചടി)നം. 2/2020/ഐ ആന്റ് പി.ആർ.ഡി തീയതി 10.12.2020 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ 2022-23 വർഷത്തിൽ പദ്ധതി ആസൂത്രണം മോണിറ്ററിംഗ്, 89/23 എന്ന പ്രൊജക്ടിൽ പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. ആയതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നമ്പർ നം./തിയതി | ബിൽ തുക | പത്ര സ്ഥാപനം | പത്ര സ്ഥാപനത്തിന് നൽകിയ തുക (₹) |
|---|---|---|---|---|
| 1 | 8/22.9.22 | 14926 | മാതൃഭൂമി | 5835 |

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് അനുവദിച്ചുകിട്ടുന്നതിന് നടപടികൾ എടുത്തിട്ടുണ്ടെങ്കിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നമ്പർ7/21.8.23).

സർക്കാർ ഉത്തരവിന് വിരുദ്ധമായി വിവിധ ബില്ലുകളിലായി അധികമനുവദിച്ച തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുന്നതിനോ, ഭാവിയിൽ ഈ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ബിൽ തുകയിൽ നിന്ന് ക്രമീകരിക്കുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തവയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ/പദ്ധതിയുടെ പേര് | ബിൽ/വൗച്ചർ നമ്പർ/തുക | റിമാർക്സ് |
|---|---|---|---|
| 1 | 72/23 (വികസന ഫണ്ട് ജനറൽ) ഐകെ എം വിഹിതം നൽകൽ | 7/2.9.23-57425/- | ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിൽ നൽകി |
| 2 | 126/23 (വികസന ഫണ്ട് ജനറൽ) സമേതം ജില്ലാ പഞ്ചായത്തിന് വിഹിതം | 42201342/31.3.2023-89376/- | സെക്രട്ടറി തൃശ്ശൂർ ജില്ലാ പഞ്ചായത്ത് |
| 3 | 131/23 (വികസന ഫണ്ട് ജനറൽ) പോളക്കുളത്തിന് സമീപമുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22200771/21.11.22-56717/- | അസി എൻജിനീയർ, ഇലക്ട്രിക് സെക്ഷൻ കുഴൂർ |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-18 GeM ൽ നിന്ന് വാങ്ങൽ നടത്തിയില്ല

പ്രൊജക്ട് നമ്പർ-191/23&പ്രൊജക്ട് നമ്പർ-192/23

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ പിഎച്ച്സി

ഹെൽത്ത് ഗ്രാന്റ് -136695 രൂപ (വൗച്ചർ നമ്പർ-42201423/31.3.2023)

ഹെൽത്ത് ഗ്രാന്റ്-304012 രൂപ (വൗച്ചർ നമ്പർ-42201425/31.3.2023)

പ്രസ്തുത പദ്ധതികളിൽ 191/23 ൽ സിഡ്കോയിൽ നിന്ന് ക്വട്ടേഷൻ മുഖേന വാട്ടർ പ്യൂരിഫയർ വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ-OLR/22-23/509/24.3.23 -73132 രൂപ) പ്രൊജക്ട് നമ്പർ-192/23 ൽ പിട്ടാപ്പിള്ളി ഏജൻസീസിൽ നിന്ന് ക്വട്ടേഷൻ മുഖേന എയർ കൂളർ 34900 രൂപക്ക് വാങ്ങിയിട്ടുണ്ട്. ജി.ഒ(ആർ.ടി)നം. 482/22/ത.സ്വ.ഭ.വ, തീ. 28.02.22 പ്രകാരം 25000 രൂപക്ക് മുകളിലുള്ള സാധനങ്ങൾ GeM മുഖേന വാങ്ങേണ്ടതാണ്. അപാകത സൂചിപ്പിച്ച് നൽകിയ എൻക്വയറിക്ക് (6/21.8.23) മറുപടിയായി ജെമ്മിൽ സെക്കന്ററി യൂസറായി നിർവ്വഹണ ഉദ്യോഗസ്ഥന് രജിസ്റ്റർ ചെയ്യുവാൻ സാധിക്കാത്തതിനാലാണ് ക്വട്ടേഷൻ മുഖേന വാങ്ങിയതെന്ന് അറിയിച്ചു. പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാതെ സാമ്പത്തിക വർഷാവസാനത്തിലേക്ക് മാറ്റി വക്കുന്നതു കൊണ്ടാണ് ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത്. ആയതിനാൽ സർക്കാർ നിർദ്ദേശിക്കുന്ന സമയക്രമം അനുസരിച്ച്, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് കൂടാതെ മരുന്ന് വാങ്ങൽ നടത്തി

പ്രൊജക്ട് നമ്പർ-24/23, മരുന്ന് വാങ്ങൽ

ഫണ്ട് – വികസന ഫണ്ട് ജനറൽ & മെയിന്റനൻസ് നോൺറോഡ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ പി.എച്ച്.സി

സ.ഉ(കൈ) നം.115/22/ത.സ്വ.ഭ.വ/28.05.22/ഖ.7.6.4(1) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് കൂടാതെ മരുന്ന് വാങ്ങൽ നടത്തുവാൻ പാടില്ല. താഴെ കൊടുക്കുന്ന വൗച്ചറുകൾ പ്രകാരം മരുന്ന് വാങ്ങിയതിന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

1. വൗച്ചർ നമ്പർ 42201176/1.8.2022 തുക-118177 രൂപ

2.വൗച്ചർ നമ്പർ- 42201184/27.8.2022തുക-37151 രൂപ

3. വൗച്ചർ നമ്പർ-42201191/14.9.2022 തുക-82610 രൂപ

4. വൗച്ചർ നമ്പർ-42201200/20.10.2022 തുക-113511 രൂപ

5. വൗച്ചർ നമ്പർ- തുക-42201245/12.1.2023-160671 രൂപ

6. വൗച്ചർ നമ്പർ- തുക-42201334/28.3.2023-83458 രൂപ

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം 6/21.08.2023)

## 1-20 ജില്ലാ സമിതി നിരക്ക് അംഗീകരിക്കാത്ത ഇനങ്ങൾക്ക് സബ്സിഡി നൽകി

നിർവ്വഹണ ഉദ്യോഗസ്ഥ – കൃഷി ഓഫീസർ

1. പ്രൊജക്ട് നമ്പർ-116/23 എസ്.സി വനിത വാഴ വിള പരിപാലനം വികസനഫണ്ട് എസ്.സി.പി

2. പ്രൊജക്ട് നമ്പർ-113/23 പുരയിട കൃഷി വികസനഫണ്ട് ജനറൽ

3. പ്രൊജക്ട് നമ്പർ-117/23 വാഴ വിള പരിപാലനം വികസനഫണ്ട് ജനറൽ

വൗച്ചർ നമ്പർ-42201247/13.1.23-181820 രൂപ
വൗച്ചർ നമ്പർ-42201243/11.1.23-454545 രൂപ & 45455 രൂപ
വൗച്ചർ നമ്പർ-42201272/9.2.23-18500 രൂപ & 1850 രൂപ
വൗച്ചർ നമ്പർ-42201123/31.3.23-157682 രൂപ & 15768 രൂപ

മേൽ പ്രൊജക്ടുകൾ പ്രകാരം വളം വാങ്ങിയതിന് ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്. 18.6.2022 ൽ ചേർന്ന ജില്ലാ തല യൂണിറ്റ് കോസ്റ്റ് ജില്ലാ സമിതി യോഗത്തിൽ എല്ലുപൊടി, കപ്പലണ്ടി പിണ്ണാക്ക് എന്നിവയുടെ യൂണിറ്റ് കോസ്റ്റ് അംഗീകരിച്ചിട്ടില്ല. എന്നാൽ മേൽ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾ എല്ലുപൊടി, കപ്പലണ്ടി പിണ്ണാക്ക് എന്നിവ വാങ്ങിയതിന് യഥാക്രമം കിലോ 30 രൂപ, കിലോ 60 രൂപ നിരക്കിൽ സബ്സിഡി നൽകിയിട്ടുണ്ട്.

സ.ഉ(കൈ) നം.115/22/ത.സ്വ.ഭ.വ/28.5.22 ഖ.6.1 1 ൽ ജൈവവളങ്ങളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാ സമിതി അംഗീകരിക്കണം എന്ന് നിർദ്ദേശം ഉണ്ട്. ജൈവവളങ്ങളുടെ പരമാവധി സബ്സിഡി നിരക്ക് തദ്ദേശ ഭരണ സ്ഥാപനം അംഗീകരിക്കണം എന്നും നിർദ്ദേശിച്ചിരുന്നു. യൂണിറ്റ് കോസ്റ്റ് അംഗീകരിച്ചതിന്റേയും പരമാവധി സബ്സിഡി നിരക്ക് തദ്ദേശ ഭരണ സ്ഥാപനം അംഗീകരിച്ചതിന്റേയും രേഖകൾ പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-11/21.8.23) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-21 വനിത പദ്ധതിയിൽ പുരുഷ ഗുണഭോക്താവിന് ധനസഹായം നൽകി

പ്രൊജക്ടിന്റെ നമ്പർ/പേര്-116/23 (എസ്.സി) വനിത/വിള പരിപാലനം

നിർവ്വഹണ ഉദ്യോഗസ്ഥ-കൃഷി ഓഫീസർ

ഫണ്ട് – വികസനഫണ്ട് എസ്.സി.പി/ ചെലവ്-200000

ബിൽ നമ്പർ-5/16.1.2023-200000

പ്രൊജക്റ്റ് നമ്പർ-116/23 എസ്.സി വനിത വിള പരിപാലനം പദ്ധതിയിൽ ശ്രീ. മനോജ് കെ. എസ് എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്കാണ് സബ്സിഡി നൽകിയിരിക്കുന്നത്. അപേക്ഷയിൽ സിന്ധു മനോജ് എന്ന വ്യക്തിയുടെ അക്കൗണ്ട് നമ്പർ ആണ് നൽകിയിരിക്കുന്നത് (എസ്.ബി.ഐ കുഴൂർ 67188614124) തുക കൈമാറിയിരിക്കുന്നത് എസ്.ബി.ഐ കുഴൂർ 67188614113 എന്ന ശ്രീ. മനോജിന്റെ അക്കൗണ്ടിലേക്കാണ്. വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ അപേക്ഷകയുടെ അക്കൗണ്ടിലേക്ക് തുക കൈമാറാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-11/21.8.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-22 ജലനിധി കുടിശ്ശിക 58,65,221 രൂപ

കുഴൂർ ഗ്രാമപഞ്ചായത്തിൽ ജലനിധി മുഖേനയുള്ള ജലവിതരണം 2017 ആഗസ്റ്റ് 1 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് SLEC (സ്കീം ലെവൽ എക്സ്പെർട്ട് കമ്മിറ്റി) യുമായും, KWA (കേരള വാട്ടർ അതോറിറ്റി) യുമായും ഉണ്ടാക്കിയ കരാർ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് വിതരണം ചെയ്യുന്ന വെള്ളത്തിന്റെ കരം SLEC പിരിച്ചെടുത്ത് പഞ്ചായത്തിൽ അടക്കുകയും ബൾക്ക് മീറ്റർ റീഡിംഗ് പ്രകാരം KWA ക്ക് നൽകേണ്ട തുക ഗ്രാമപഞ്ചായത്ത് നൽകുകയും ചെയ്യണം. ജലവിതരണം സംബന്ധിച്ച കണക്കുകൾ പരിശോധിച്ചതിൽ നിന്നും ഗാർഹിക/ഗാർഹികേതര ഉപഭോക്താക്കളിൽ നിന്നും മാർച്ച് 2023 വരെ 48,36,442 രൂപ പിരിഞ്ഞുകിട്ടാനുള്ളതായി കാണുന്നു. ഗാർഹികേതര കണക്ഷനുകൾ ഉൾപെടെ ആകെ 2836 കണക്ഷനുകൾ ജലനിധിക്കുണ്ട്. എന്നാൽ വാട്ടർ അതോറിറ്റി പഞ്ചായത്തിന് നല്കുന്ന ബിൽ പ്രകാരം മാർച്ച് 2023 വരെ അടവാക്കാനുള്ള തുക 58,65,221 രൂപ ആണ്. ഭീമമായ കുടിശ്ശികക്കു കാരണം വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാകാനുള്ള സെറ്റിൽമെന്റ് (ജലനിധി നിലവിൽ വരുന്നതിന് മുൻപ് ഉണ്ടായിരുന്ന കണക്കുകൾ സംബന്ധിച്ച്) നാളിതുവരെ ലഭ്യമാകാത്തതും നിലവിൽ വെള്ളക്കരത്തിൽ ഉണ്ടായ വർദ്ധനവും ആണെന്നാണ് അറിയിച്ചത്.വാട്ടർ അതോറിറ്റി നല്കുന്ന ബില്ലിലെ തുകയും ജലനിധിക്ക് ഉപഭോക്താക്കളിൽ നിന്നും ലഭ്യമാകാനുള്ള തുകയിലെ വ്യത്യാസത്തിനു കാരണം അനധികൃത കണക്ഷനുകളാണ് എന്നാണ് അറിയിച്ചത്.

ജലവിതരണം സംബന്ധിച്ച കരാർ വച്ചത് പഞ്ചായത്തും വാട്ടർ അതോറിറ്റിയും തമ്മിൽ ആയതിനാൽ കുടിശ്ശികയുടെ ബാധ്യത പഞ്ചായത്ത് വഹിക്കേണ്ടതായി വരും. ജലനിധി കൈമാറുന്ന തുക അടവാക്കുന്നതല്ലാതെ കുടിശ്ശിക സംബന്ധിച്ച് വിലയിരുത്തലോ SLEC യുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തലോ ഗ്രാമപഞ്ചായത്ത് നടത്തിയിട്ടില്ല എന്നാണ് തൻ വർഷത്തെ മിനിറ്റ്സ് പരിശോധനയിൽ നിന്ന് വ്യക്തമാകുന്നത്. ജലനിധി കുടിശ്ശിക വരുത്തിയാൽ ആയത് രേഖ മൂലം വാട്ടർ അതോറിറ്റിയെ അറിയിക്കേണ്ട ബാധ്യതയും പഞ്ചായത്തിന് കരാർ പ്രകാരം ഉണ്ടെങ്കിലും അത്തരത്തിലുള്ള യാതൊരു അറിയിപ്പും പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് നൽകുകയോ, കുടിശ്ശിക അടവാക്കാത്തവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയോ ചെയ്തതായി രേഖകൾ ഹാജരാക്കിയിട്ടില്ല.ബൈലോ പ്രകാരം കണക്ഷൻ വിച്ഛേദിക്കുവാനല്ലാതെ കുടിശ്ശിക പിരിച്ചെടുക്കുവാൻ SLEC ക്ക് അധികാരമില്ല. ആയതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് കുടിശ്ശിക തുക സമയബന്ധിതമായി പിരിച്ചെടുത്ത് വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നതിനും ജലവിതരണം കാര്യക്ഷമമായി നടത്തുന്നതിനും ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. ഈ വിഷയം 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ.1.27 ൽ ചൂണ്ടിക്കാട്ടിയിരുന്നുവെങ്കിലും (കുടിശ്ശിക 34,04,164/- രൂപ) തുടർ നടപടികൾ സ്വീകരിക്കാത്തത് കുടിശ്ശിക വർദ്ധിക്കുവാൻ ഇടയാക്കി. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
(ഓഡിറ്റ് എൻക്വയറി നം. 19/23.08.2023)

## 1-23 തൊഴിലുറപ്പുപദ്ധതി-സിമന്റ് നിരക്ക് പ്രൈസ്, മാർക്കറ്റ് നിരക്കിനേക്കാൾ അധികം

17.08.2022 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) മിഷൻ ഡയറക്ടറുടെ കത്തിൽ, ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022 തിയതിയിലെ OMB/ALP/AW20/2022 നമ്പർ അവാർഡിന്റെ അടിസ്ഥാനത്തിൽ സിമന്റിന് സെക്യൂർ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോക്കൽ മാർക്കറ്റ് നിരക്ക്

നൽകാൻ പാടില്ലെന്നും യഥാർത്ഥ മാർക്കറ്റ് നിരക്കേ നൽകാവൂ എന്നും കർശന നിർദ്ദേശം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കു നല്കിയിട്ടുണ്ട്. എന്നാൽ താഴെ ചേർത്തിരിക്കുന്ന പ്രവൃത്തികളിൽമേൽ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. 2022-23 വർഷം ഗ്രാമപഞ്ചായത്തിൽ ചെയ്ത കോൺക്രീറ്റ് പ്രവൃത്തികളിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ സിമന്റിന് മെട്രിക് ടണ്ണിന് ₹8256.08 (Over Head Charges, Contractors Profit, Cost Index ഉൾപ്പെടെ) നല്കിയപ്പോൾ MGNREGS പ്രവൃത്തികളിൽ ഈ ഇനത്തിന് ₹10520യാണ് അനുവദിച്ചു നല്കിയിട്ടുള്ളത്. പൂവ്വത്തുശ്ശേരി വി. എ സൺസ് സിമന്റ് ഹൗസ് എന്ന സ്ഥാപനത്തിൽ നിന്നുള്ള 13/5/22 ലെ ഇൻവോയ്സ് നമ്പർ 016 പ്രകാരമുള്ള 140 ചാക്ക് സിമന്റിന്റെ വില 49817.60 രൂപ അനുസരിച്ച് ഒരു ചാക്ക് സിമന്റിന്റെ വിലയായ 355.84 രൂപയാണ് (ഒരു ടണ്ണിന്റെ മാർക്കറ്റ് വില 355.84 X 20 = 7117 രൂപ) തൻ വർഷം പഞ്ചായത്തിൽ MGNREGS വിഭാഗം ഒരു റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തിയാണ് ഏറ്റെടുത്തിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ ഫയലിൽ ഇതു സംബന്ധിച്ച താരതമ്യം താഴെ ചേർക്കുന്നു.

| | പ്രവൃത്തി | കരാറുകാരന്റെ പേരു വിവരം | സിമന്റ് അളവ് | സിമന്റ് ടണ്ണിന് ₹10520 പ്രകാരം അനുവദിച്ച തുക | സിമന്റ് ടണ്ണിന് ₹8256.08 പ്രകാരം (പ്രൈസ് സോഫ്റ്റ്വെയർ) നൽകേണ്ട തുക | സിമന്റ് ഇനത്തിൽ അധിക മനുവദിച്ച തുക | മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നൽകിയ തുക (10520-7117 =3403/ടൺ നിരക്കിൽ), ഇറക്കുകൂലി ഇല്ലാതെ |
|---|---|---|---|---|---|---|---|
| 1 | വാർഡ്-13ൽ ചന്ദ്രൻ ലെയ്ൻ റോഡ് കോൺക്രീറ്റിംങ്ങ് | പ്രവീൺകുമാർ, ഐക്കര കൺസ്ട്രക്ഷൻസ് | 4.95 | 52074 | 40867.59 | 11206.41 | 16844.85 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) മിഷൻ ഡയറക്ടറുടെ നിർദ്ദേശത്തിനും, ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022 തിയതിയിലെ OMB/ALP/AW20/2022 നമ്പർ അവാർഡിലെ നിർദ്ദേശത്തിനും വിരുദ്ധമായി മേൽ പട്ടികപ്പെടുത്തിയ പ്രവൃത്തികളിൽ അധിക തുക അനുവദിക്കുന്നതിനുണ്ടായ കാരണം അറിയിക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് നല്കിയ 21/23.08.23 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് ബ്ലോക്കിൽ നിന്ന് ലഭിച്ച നിർദ്ദേശ പ്രകാരമാണ് ഇപ്രകാരം റേറ്റ് നൽകിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്. തൊഴിലുറപ്പുപദ്ധതി പ്രകാരം മേൽസൂചിപ്പിച്ച ഇനങ്ങൾക്ക് കൂടുതൽ തുക കരാറുകാർക്ക് നൽകുന്നത് സംബന്ധിച്ചുള്ള വിഷയത്തിൽ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 വിദഗ്ധ തൊഴിലാളികൾക്ക് വേതനം - മസ്റ്റർറോളിൽ പേരില്ലാത്തവർക്ക് വേതനം നൽകി

കരാറുകാരൻ-പ്രവീൺകുമാർ

ഭരണാനുമതി നമ്പർ-58395/23.02.2022

സാങ്കേതികാനുമതി നമ്പർ-58395/23.02.2022

എം. ബുക്ക് നമ്പർ-76/21-22

ചന്ദ്രൻ ലെയ്ൻ റോഡ് കോൺക്രീറ്റിങ്ങ് വാർഡ് 13 എന്ന പ്രവൃത്തിയുടെ മസ്റ്റർ റോളുകൾ (2466, 2492, 2493) പരിശോധിച്ചതിൽ മസ്റ്റർ റോൾ നമ്പർ-2492 ൽ 17.6.22, 18.6.22 എന്നീ ദിവസങ്ങളിൽ 2 ദിവസം @1000 നിരക്കിൽ വിദഗ്ധ തൊഴിലാളികളായി ഷീല ജോയ്, റീത്ത, സിന്ധുബിജു, സുധമണി, ഷൈനി എന്നിവരുടെ

പേരുകൾ രേഖപ്പെടുത്തി 10000 രൂ ആകെ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവരാരും മസ്റ്റർറോളിൽ ഒപ്പ വച്ചിട്ടില്ല. മസ്റ്റർ റോൾ നമ്പർ 2493 ൽ 17.6.22, 18.6.22 എന്നീ ദിവസങ്ങളിൽ 2 ദിവസം @1000 നിരക്കിൽ വിദഗ്ധ തൊഴിലാളികളായി മേരി ആന്റ്, റാണി ഡേവിസ് എന്നിവരുടെ പേര് മാത്രമാണ് ഉള്ളതെങ്കിലും 3 പേർക്ക് 2000 എന്ന നിരക്കിൽ 6000 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവരും മസ്റ്റർറോളിൽ ഒപ്പ വച്ചിട്ടില്ല. വേജ് ലിസ്റ്റ് പരിശോധിച്ചതിൽ മസ്റ്റർ റോൾ നമ്പർ-2492 ൽ ഉണ്ടായിരുന്ന ഷീല ജോയ്, റീത്ത എന്നിവരുടെ പേര് മാത്രമാണ് ഉള്ളത്. മസ്റ്റർ റോൾ നമ്പർ 2493 ലെ മേരി ആന്റ്, റാണി ഡേവിസ് എന്നിവരുടെ പേര് ഈ മസ്റ്റർ റോൾ നമ്പറിൽ രേഖപ്പെടുത്തി വേതനം അനുവദിച്ചിട്ടുണ്ട്, കൂടാതെ രണ്ട് മസ്റ്റർ റോളിലും പേരില്ലാത്ത സോണിയ സേവ്യർ എന്ന വ്യക്തിക്കും വേതനം നൽകിയിട്ടുണ്ട്. മസ്റ്റർ റോൾ നമ്പർ 2493 ൽ ലിയോ സെബാസ്റ്റ്യൻ, സെബാസ്റ്റ്യൻ സി. ഐ, സ്മിത ബിബിൻ ദാസ് എന്നീ വ്യക്തികൾക്കാണ് വേതനം അനുവദിച്ചിട്ടുള്ളത്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-21/23.8..2023 ന് ലഭ്യമാക്കിയ മറുപടിയിൽ മുൻകൂട്ടി നിശ്ചയിച്ചവർക്ക് പണിക്ക് ഹാജരാകാൻ സാധിക്കാത്തതിനാലാണ് വേതനം മറ്റ് വ്യക്തികളുടെ പേരിൽ അനുവദിച്ചതെന്നും വേതനം നൽകിയ വ്യക്തികളാണ് യഥാർത്ഥത്തിൽ തൊഴിലിൽ ഏർപ്പെട്ടതെന്നും അറിയിച്ചു. ഇത് അംഗീകരിക്കത്തക്കതല്ല. ഈ കാര്യത്തിൽ വിശദമായ അന്വേഷണത്തിനും, നിർമ്മാണ പ്രവൃത്തിയിൽ നേരിട്ട് പങ്കെടുത്ത അർഹതപ്പെട്ടയാൾക്ക് തന്നെയാണോ വേതനം ലഭ്യമാകുന്നത് എന്ന് പരിശോധിച്ച് ഉറപ്പാക്കുന്നതിനും ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 തൊഴിലുറപ്പ് പദ്ധതി കരാറുകാരൻ വിദഗ്ധ-അർദ്ധവിദഗ്ധ തൊഴിലാളികളെ നിയോഗിക്കുന്നു

തൊഴിലുറപ്പ് പദ്ധതിയിലെ പരിശോധനാ വിധേയമാക്കിയ പ്രവൃത്തികളിലെ വിദഗ്ധ-അവിദഗ്ധ തൊഴിലാളികളുടെ വിവരങ്ങളും, പ്രവൃത്തിയുടെ കരാറുകാരന്റെ വിവരങ്ങളും പരിശോധിച്ചതിൽ കരാറുകാരുടെ മേൽവിലാസവും, വിദഗ്ധ-അവിദഗ്ധ തൊഴിലാളികളുടെ മേൽ വിലാസവും സമാനമാണ്.

ഉദാഹരണമായി വയലാറിലെ എം.സി.എഫ് നിർമ്മാണം, കുണ്ടൂരിലെ എം.സി.എഫ് നിർമ്മാണം എന്നിവയുടെ കരാറുകാരൻ ശ്രീ. ടി. കെ ജയൻ, തുമ്പരശ്ശേരി ആണ്. മേൽ പ്രവൃത്തികളുടെ മസ്റ്റർ റോളിൽ വിദഗ്ധ തൊഴിലാളി ശ്രീ. അഭിരാം ജയനും (S/o. ജയൻ ടി. കെ, തുമ്പരശ്ശേരി) അവിദഗ്ധ തൊഴിലാളി ശ്രീമതി സിന്ധു ജയനുമാണ് (W/o. ജയൻ ടി. കെ, തുമ്പരശ്ശേരി) ആയതിൽ നിന്നും കരാറുകാരന്റെ അടുത്ത ബന്ധുക്കൾ തന്നെയാണ് തൊഴിലാളികളായി ഉൾപ്പെടുത്തിയിട്ടുള്ളത് എന്നത് വ്യക്തമാണ്. കരാറുകാരൻ ഏറ്റെടുത്ത പ്രവൃത്തികളിലെല്ലാം തന്നെ ഒരേ തൊഴിലാളികളെയാണ് ഉൾപ്പെടുത്തികാണുന്നത്. സാധന സാമഗ്രികൾ വിതരണം ചെയ്യാൻ കരാർ ഏറ്റെടുത്തയാൾ തന്നെയാണ് വിദഗ്ധ-അർദ്ധവിദഗ്ധ തൊഴിലാളികളെ നിയോഗിക്കുന്നതെന്ന് വ്യക്തമാണ്. ഇതുമൂലം പ്രാദേശികമായി തൊഴിൽ സൃഷ്ടിക്കുക എന്ന പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാനാകുന്നില്ല.

ഈ കാര്യത്തിൽ വിശദമായ അന്വേഷണത്തിനും നിർമ്മാണ പ്രവൃത്തിയിൽ നേരിട്ട് പങ്കെടുത്ത അർഹതപ്പെട്ടയാൾക്ക് തന്നെയാണോ വേതനം ലഭ്യമാകുന്നത് എന്ന് പരിശോധിച്ച് ഉറപ്പാക്കുന്നതിനും ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.
(ഓഡിറ്റ് എൻക്വയറി നം.21/23.08.2023)

## 1-26 ഭൂജലവകുപ്പിലേക്ക് തുക അടവാക്കിയത് വിനിയോഗ വിവരം ഇല്ല

താഴെ പറയുന്ന പദ്ധതികൾക്കായി, അസി. എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി പദ്ധതികൾ തയ്യാറാക്കുകയും, ഭൂജലവകുപ്പ്, തൃശ്ശൂർ ജില്ലാ ഓഫീസിൽ നിന്നുള്ള ഡി.ജി.ടി/1183/2022, Dt.4-3-23 നമ്പർ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഓഫീസർ, ഭൂജലവകുപ്പ്, ജില്ലാ ഓഫീസ് തൃശ്ശൂരിലേക്ക് തുക അടവാക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ താഴെചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം., പേര് | കൈമാറിയ തുക/ഫണ്ടിനം | വൗച്ചർ നം., തിയതി |
|---|---|---|---|
| 1. | 197/23, ബോർവെൽ കൺസ്ട്രക്ഷൻ- | 66000/CFC | 22201342, Dt.15-3-23 |

| | | | |
|---|---|---|---|
| | എരവത്തൂർചിറ പാർക്ക് | | |
| 2. | 181/23, ബോർവെൽ കൺസ്ട്രക്ഷൻ എഫ്.എച്ച്.സി | 68000/CFC | 42201299, Dt.15-3-23 |

പ്രൊജക്ട് നം. 181/23 എഫ്.എച്ച്.സി-യിലെ കുഴൽ കിണർ നിർമ്മാണം പൂർത്തിയാക്കി ജില്ലാ ഓഫീസർ നൽകിയ വിനിയോഗസാക്ഷ്യപത്രം (DGT/1183/2022, Dt.12-6-23) പ്രകാരം ഇതിനായി, 35595/- രൂപ വിനിയോഗിച്ചതായി കാണുന്നുണ്ട്. ബാലൻസ് തുക 32405/- രൂപ വിനിയോഗിച്ചതിന്റേയോ/ഭൂജലവകുപ്പിൽ നിന്നും തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിച്ചതിന്റേയോ വിവരം ഫയലിൽ ഇല്ല. വിനിയോഗ വിവരം/തുക തിരികെ ഈടാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പ്രൊജക്ട് നം.197/23, ബോർവെൽ കൺസ്ട്രക്ഷൻ-എരവത്തൂർചിറ പാർക്ക്, എന്ന പ്രവൃത്തി നിലവിൽ പൂർത്തിയാക്കിയിട്ടുണ്ടോ എന്നതിന്, അസി. എഞ്ചിനീയർ വാക്കാൽ നൽകിയ മറുപടിയിൽ നിർമാണം നാളിതുവരെ ആരംഭിച്ചിട്ടില്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്. നിർമ്മാണം പൂർത്തിയാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും അല്ലെങ്കിൽ നൽകിയ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 20/23.8.23)

## 1-27 ഹോംകോയിൽ നിന്നും ബാലൻസ് തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ പ്രോജക്ട് നം. 22/23, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പ്രകാരം, 2,50,000/- രൂപ ഹോംകോയിലേക്ക് അടവാക്കിയിട്ടുണ്ട്. (വൗച്ചർ നം.42201177, Dt.5-8-2022). എന്നാൽ ഓഡിറ്റ് തീയതി വരെ, 2,00,556/- രൂപയ്ക്കുള്ള മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 8/21.08.2023)

## 1-28 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിട്ട് പോയഗുണഭോക്താക്കൾക്ക് വേണ്ടി അടവാക്കിയ പദ്ധതി വിഹിതം തിരികെ ഈടാക്കേണ്ടതാണ്

വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായ പ്രോജക്ട് നം.79/23, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി എന്നതിൽ, 32 ഗുണഭോക്താക്കൾക്കായി ഒരാൾക്ക് സംസ്ഥാന വിഹിതമടക്കം 12500/- രൂപാ വീതം ആകെ 4,00,000/- രൂപ (വൗച്ചർ നം.42201237, Dt.7-1-23) എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂരിന് അടവാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും വിട്ട് പോയതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | തീറ്റ വാങ്ങിയതിന്റെ വിവരങ്ങൾ |
|---|---|---|
| 1. | ഷീല പുളിക്കപള്ളത്ത്, കുണ്ടൂർ | 3/23 വരെ വാങ്ങി |
| 2. | ശിവപ്രഭ, മഞ്ഞപ്പിള്ളി അമ്പാട്ട് | 4/23 വരെ വാങ്ങി |

പദ്ധതിയിൽ നിന്നും വിട്ട് പോയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 9/21.08.2023 ന് ലഭ്യമാക്കിയ മറുപടിയിൽ ഇവർക്ക് വേണ്ടി അടവാക്കിയ തുക പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് SLBP യിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

### 1-29 വീട് വാസയോഗ്യമാക്കൽ പദ്ധതി-ഓവർസിയറുടെ വാല്യുവേഷൻ ഇല്ലാതെ തുക നൽകി

വി.ഇ.ഒ, കണ്ടൂർ സർക്കിൾ നിർവ്വഹണോദ്യോഗസ്ഥനായ, പ്രൊജക്റ്റ് നം. 83/23, വീട് വാസയോഗ്യമാക്കൽ എന്നതിൽ, ശ്രീ. ബിന്ദു കെ. കെ, കോളനിപറമ്പിൽ എന്ന ഗുണഭോക്താവിന് താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം, 50,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഫയലിൽ ഓവർസിയറുടെ വാല്യുവേഷൻ ഇല്ല. ഗുണഭോക്താവിന് തുക നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

വികസന ഫണ്ട് വൗച്ചർ നം.42201221, Dt.9-12-22, തുക-75,000/- (കൈമാറിയ തുക- 25,000/)

എസ്.സി.പി വൗച്ചർ നം.42201230, Dt.27-12-22, തുക-75,000/- (കൈമാറിയ തുക- 25,000/)

വാല്യുവേഷൻ ഇല്ലാതെ തുക നൽകിയതിന്റെ കാരണം ആരാഞ്ഞ്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/21.08.2023) മറുപടി ലഭ്യമാക്കിയില്ല. തുക നൽകുമ്പോൾ പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

### 1-30 അനിവാര്യ വകയിരുത്തലുകൾ -തുക ചെലവഴിച്ചില്ല

വികസനഫണ്ടിൽ നിന്നും അനിവാര്യമായി വകയിരുത്തേണ്ട പദ്ധതികൾ സംബന്ധിച്ച്. സർക്കാർ ഉത്തരവ് നം.(കൈ)84/2022, LSGD, Dt. 19-4-22ൽ വ്യക്തമാക്കുന്നുണ്ട്. ഇതിൽ ഉൾപ്പെടുന്ന, ആശ്രയ, അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോ പ്ലാനുകൾ എന്നിവ വി.ഇ.ഒ യുടെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ രണ്ട് പദ്ധതികളിലും തുകയൊന്നും തന്നെ ചെലവ് ചെയ്തതായി കാണുന്നില്ല.

മാർഗ്ഗരേഖ ഖണ്ഡിക 6-6 പ്രകാരം, അതിദരിദ്രരായ വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തി അവർക്കായി വ്യക്തിഗത സൂക്ഷ്മതല പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്. അതിദാരിദ്ര്യം പരിഹരിക്കുന്നതിനുള്ള അതിജീവന ആവശ്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ പരിരക്ഷ, വികസന ആവശ്യങ്ങൾ തുടങ്ങി എല്ലാ വിധ ഘടകങ്ങളും ഉൾകൊള്ളിച്ച് വേണം മൈക്രോ പ്ലാനുകൾ തയ്യാറാക്കേണ്ടത്. ഇത്തരത്തിൽ മൈക്രോ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ടോ, പഞ്ചായത്തിൽ, ആശ്രയ പദ്ധതിയിൽ ഭവനം വാസയോഗ്യമാക്കലിന് ഗുണഭോക്താക്കൾ ഉണ്ടോ എന്നീ വിവരങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 15/22.08.2023) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി മാർഗ്ഗരേഖ നിർദ്ദേശാനുസരണം പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്കുകൾക്ക് വേണ്ടി തൻവർഷം ലഭിച്ച വിഹിതത്തിന്റെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം | തുക | ലഭിച്ച | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് മാള | 2022-23 | 50796 | നെയ്യുണ്ണിപ്പറമ്പ് എൽ.ഐ എക്സ്റ്റൻഷൻ വാർഡ് 3, 4, 13 | 50796 | 0 |
| | | 250000 | പാലിന് സബ്സിഡി | 250000 | 0 |
| | | 280000 | ഭിന്നശേഷി സ്കോളർഷിപ്പ് | 280000 | 0 |
| | | 307333 | ലൈഫ് ഭവനപദ്ധതി എസ്.സി | 307333 | 0 |
| | | 200000 | ലൈഫ് ഗുണഭോക്താക്കൾക്ക് ഭവനനിർമാണത്തിന് ഭൂമി നൽകൽ | 200000 | 0 |
| | | 300000 | തുമ്പരശ്ശേരി എൽ.ഐ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 300000 | 0 |
| ജില്ലാ പഞ്ചായത്ത് തൃശ്ശൂർ | | 763050 | നെൽകൃഷിക്ക് വിത്തും കൂലിച്ചെലവും | 763050 | 0 |
| | | 746536 | താണിശ്ശേരി ലക്ഷംവീട് കോളനി റോഡ് മെയിന്റനൻസ് | 746536 | 0 |
| | | 300000 | പാലിന് സബ്സിഡി | 300000 | 0 |
| | | 119000 | ഭിന്നശേഷി സ്കോളർഷിപ്പ് | 119000 | 0 |
| | | 91366 | പാലിയേറ്റീവ് കെയർ | 91366 | 0 |
| | | 420609 | അങ്കണവാടി പോഷകാഹാരം | 420609 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | എരവത്തൂർ ചിറപാർക്കിൽ കുഴൽകിണർ നിർമ്മാണം (197/23) | 22201342, Dt.30-3-23 | 66000 | 0 | 66000 |
| 2 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | എഫ്.എച്ച്.സിയിൽ കുഴൽകിണർ നിർമ്മാണം (181/23) | 42201299, Dt.15-3-23 | 68000 | 35595 | 32405 |
| 3 | കെ.എസ്.ഇ.ബി | പോളക്കുളത്തിനരികെയുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബിയ്ക്ക് തുക | 22200771, Dt.21-11-2022 | 57717 | 0 | 57717 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | അടവാക്കൽ | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തിയതി | തൻവർഷം എടുത്ത വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണം HUDCO | സ.ഉ(സാധാ)നം. 43/2020/1.1.21 /ത.സ്വ.ഭ.വ | 0 | 3072000 | 392415 | - | 2679585 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡുകകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|
| 1999-00 | 20 | | | മണൽ വിൽപ്പനയിലെ ക്രമക്കേടുകൾ | താഴെ പറയുന്ന രശീതികൾ പ്രകാരം 24670/- രൂപാ പഞ്ചായത്തിൽ അടവാക്കിട്ടുള്ളതാണ്.<br>1.5000/100/44690, Dt.7-8-2012<br>2. 5000/-11201100428, Dt.4-1-2013<br>3.5000/-11301100463, Dt.19-6-2013<br>4.9670/11301500023, Dt22-1-2014<br>ആയതിനാൽ പഞ്ചായത്തിന് നഷ്ടമായ തുക പൂർണമായും തിരികെ ലഭിച്ചിട്ടുണ്ട് എന്ന് യോഗം വിലയിരുത്തി. |

സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക |
|---|---|---|---|
| 1 | 2011-12 | 3-6 | 211000 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 15567749 |
| വരവ് | 29824373 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 45392122 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 28205270 |
| നീക്കിയിരിപ്പ് | 17186852 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

കുറിപ്പ്- *ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വാർഷികകണക്കിലെ റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ് ചെലവ് കണക്കുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇതിലെ വരവിലും ചെലവിലും സർക്കാരിൽ നിന്ന് ലഭിച്ച ഗ്രാന്റുകൾ (വികസനഫണ്ട്/മെയിന്റനൻസ് ഫണ്ട്/സംസ്ഥാന സർക്കാർ സ്പിൽ ഓവർ ആയി അനുവദിച്ച സി.എഫ്.സി ഗ്രാന്റ്/സാമൂഹ്യക്ഷേമ പെൻഷനുകൾ) ഉൾപ്പെടുന്നില്ല.

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല.

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE/CH/SCH) |
|---|---|---|---|---|---|
| 1 | 1998-99 | LFT13-1539/2000 Dt. 6.2.01/7.3.01 | 2 | 38-RR, 43 | |
| 2 | 1999-00 | LFT13-1371/2002 Dt. 16.11.02 | 1 | 20 | CAR |

| | | | | | |
|---|---|---|---|---|---|
| 3 | 2004-05 | LFT13-2210/07 Dt. 30.9.08/22.10.08 | 1 | 3-1 | |
| 4 | 2005-06 | LFT13-2358/07 Dt. 30.9.08/22.10.08 | 1 | 3-2 | |
| 5 | 2007-08 | LFT13-640/10 Dt. 31.3.11/7.9.11 | 3 | 3-5, 3-6, 3-7(1,2,4,5,6) | |
| 6 | 2008-09 | LFT14-1259/11 Dt. 17.10.11 | 1 | 3-3 | |
| 7 | 2011-12 | LFTP4-1401/13 Dt. 9.12.13/13.1.14 | 3 | 3-4, 3-6, 3-11 | |
| 8 | 2013-14 | KSA-TSR-P4-1327/15 Dt. 3.11.15/7.11.15 | 3 | 3-3, 3-5, 3-7(2) | |
| 9 | 2014-15 | KSA-TSR-P4-1211/16, Dt. 24.7.16 | 10 | 2-1, 2-2, 2-5, 3-2, 3-5, 3-7, 3-12, 3-13, 3-14, 3-15 | 2-5 CAR |
| 10 | 2015-16 | KSA-TSR-P4-92/17 Dt. 27.1.17 | 12 | 2-1, 2-3, 2-4, 2-5, 2-6, 2-7, 2-8, 3-4, 3-6, 3-8, 3-13, 3-14 | |
| 11 | 2016-17 | KSA-TSR-P4-1227/17 Dt. 31.7.17 | 5 | 2-2, 3-3, 3-6, 3-8, 3-11 | |
| 12 | 2017-18 | KSA-TSR-P4-730/19 Dt. 13.6.19 | 1 | 3-5 ലെ ക്രമ നമ്പർ 3, 4 | |
| 13 | 2018-19 | KSA-TSR-P4-1754/19 Dt. 18.12.19 | 18 | 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-27, 1-30, 1-31 | |
| 14 | 2019-20 | KSA-TSR-P5-1063/21 Dt. 21.03.22 | 28 | 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 3-1 | |
| 15 | 2020-21 | KSA-TSR-P5-1064/21 Dt. 22.03.22 | 37 | 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45, 1-46, 3-1 | |
| 16 | 2021-22 | KSA-TSR-(P4)1988/2022. Dt. 16/12/2022 | 39 | 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45, 1-46, 1-47, 1-48 | |
| | ആകെ | | 165 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 07-07-2023 and submitted on 12-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kuzhur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kuzhur Grama Panchayat for the year 2022-2023

Date: 10/10/2023

Deputy Director
District Office Thrissur
Kerala State Audit Department

## Audit Report appended to the Audit Certificate of Kuzhur Grama Panchayat for the Year 2022-2023.

**1.Major Observations**

1) The expenditure of projects implemented by ICDS supervisor (project:95/23-Amount:Rs.100000, project:97/23- Amount:Rs.100000, project:98/23 - Amount:Rs.100000) was wrongly booked as Revenue expenditure instead of Capital expenditure

2) Following Bank account was not included in the AFS
Canara Bank account opened for the Health grant for buildingless PHC (A/c No. 110042012048)

**2.Other Observations**

a.Comments relating to Income and Expenditure Account

Nil.

b.Comments relating to Balance Sheet

1) Eventhough arrears of rent is shown in B15 schedule of balance sheet no provision is provided in I&E account for the same.
2) Capital work in progress is Rs.0 as per the balance sheet, instead of the actual value of Rs.115748.
3) Depreciation heads are not properly rearranged in ILGMS, so its accuracy can not be examined.
4) Liability entered in schedule B17 (SBI A/c: 37576695639, Amount:Rs.6526) does not have an equivalent title in B4 Schedule.
5) Liability entered in B4 -schedule (Rs.4643679) does not match with B17 -Schedule (Rs.4708938).

6) Advance given to ground water department (68000/-) is wrongly booked as asset in the Balancesheet.

c. Comments relating to Receipt and Payment Statement

Nil

d. Comments relating to Cashflow Statement

As per accepted accounting standards "Net increase in cash and cash equivalents (Rs.1619103) &"Net cash generated by Operating+Investing+Financing Activity (Rs.(2185206) should be the same. However in the the Cash flow Statement submitted by the Panchayath these figures do not match with each other.

e.Comments relating to Ratios

The mandatory Financial Statements prescribed in Accounting Rules-Key ratios are not included as part of Annual Financial statement.

f.Comments relating to Notes to accounts

Notes to accounts are not includedas part of Annual Financial statement.

g.Comments relating to Receipt Vouchers

Nil

h.Comments relating to Payment Vouchers

Nil

i. Comments relating to Journal Vouchers

1) Lack of authenticated journal vouchers for supporting the adjustment entries/Prior Period items.

2) Authentic certified vouchers and worksheets are not maintained for journal vouchers.
3)Without preparing monthly summary statement, journal voucher, work sheet and statutory permission in writing by the Secretary, one-time demand/reduction of demand/write-off/ exemptions are given in respect of Property tax and Rent revenue.

j. Comments relating to Contra Vouchers

Nil

k. Comments relating to Bank Reconciliation Statement

For the amounts accounted under the head Directly debited by bank (Rs.1975), no steps are taken even though Annual accounts are finalised after several months after its entry in the bank passbook.

l. Comments relating to Demand, Collection and Balance Register

(1) The Following Demand Registers does not match with Annual Financial Statement

Property tax Register(Current and Arrear)

Property tax residential

| | Demand | Collection | Advance adjusted | Balance |
|---|---|---|---|---|
| "As per Sanchaya Sofware | 1733508 | 1727410 | 9143 | 0 |
| As per annual financial statement | 1733508 | 1724482 | 5271 | 0 |

Property tax Non residential

| | Demand | Collection | Advance adjusted | Balance |
|---|---|---|---|---|
| "As per Sanchaya Sofware | 1108815 | 1105474 | 5361 | 0 |
| As per annual financial statement | 1108815 | 1103474 | 195 | 0 |

Property Tax residential (Arrear)

| | Demand | Collection | Balance |
|---|---|---|---|
| "As per Sanchaya Sofware | 3159 | 3162 | 0 |
| As per annual financial statement | 1208 | 3162 | 0 |

Property TaxNon residential( Arrear)

| | Demand | Collection | Balance |
|---|---|---|---|
| "As per Sanchaya Sofware | 278955 | 278957 | 0 |
| As per annual financial statement | 211277 | 278956 | 0 |

m. Comments relating to Asset Register

The Asset Register is not updated. The Form of the Register does not enable for verifying the existence and value of assets that are shown in the Balance Sheet.

n. Comments relating to Inventory and other Registers

1) Demand wise and page wise total of demand registers are not worked out.

2) loan register is not properly maintained.

3) opening balance of contractors retention as per deposit register for the year 2022-23(Rs.164282) does not match with the closing balance of contractors retention as per balance sheet for the year 2021-22 (Rs.205743).

Deputy Director
District Audit Office, Thrissur

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

**Kuzhur Grama Panchayat**
**BALANCE SHEET**

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -4710688.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 33564765.00 |
| | **Total Reserve & Surplus** | | **28854077.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9735690.00 |
| | **Total Grants, Contributions for Specific Purposes** | | **9735690.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 2679585.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **2679585.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 630880.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1544003.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **2174883.00** |
| | **TOTAL LIABILITIES** | | **43444235.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 620789.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 2243447.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 4976246.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 52198802.00 |
| 416000000 | Accumulated Depreciation | B-11(a) | -35930176.00 |
| | **Total Fixed Assets** | | **24109108.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |



Digitally signed by MICHA
Date: 2023.07.12 17:44:4
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 4821.00 |
| 431000000 | Sundry Debtors (Receivables) | B-15 | 604748.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 17186852.00 |
| 460000000 | Loans, Advances and Deposits | B-18 | 1538706.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **19335127.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **43444235.00** |

# Kuzhur Grama Panchayat
## INCOME & EXPENDITURE STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 4100073.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 315208.00 |
| 140000000 | Fee & User Charges | I-4 | 417943.00 |
| 150000000 | Sale & Hire Charges | I-5 | 78375.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 111404862.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 194210.00 |
| 180000000 | Other Income | I-9 | 1600.00 |
| 190000000 | Prior Period Income | I-19 | 93228.00 |
| | **Total Income** | | **116512271.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 10996650.00 |
| 220000000 | Administrative Expenses | I-11 | 1244861.00 |
| 230000000 | Operations & Maintenance | I-12 | 1803489.00 |
| 240000000 | Interest & Finance Charges | I-13 | 1623.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6766948.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 18320047.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 12217378.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 21848507.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 40377500.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1134139.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 11000.00 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |



Digitally signed by MICHA
Date: 2023.07.12 17:45:0
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 4804169.00 |
| | **Total Expenditure** | | **119526311.00** |
| | **Gross Surplus / Deficit of income over Expenditure** | | **-3014040.00** |
| | **Gross Surplus / Deficit of income over Expenditure** | | **-4323505.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 1402693.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **-1309465.00** |

# Kuzhur Grama Panchayat
## RECEIPT & PAYMENT STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 15559779.00 |
| Cash | Cash | RP-40(a) | 7970.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 908810.00 |
| 140000000 | Fees & User Charges | RP-4 | 279641.00 |
| 150000000 | Sale & Hire Charges | RP-5 | 72474.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 9969000.00 |
| 171000000 | Interest Earned | RP-9 | 194210.00 |
| 190000000 | Prior Period Income | RP-11 | 48740.00 |
| 210000000 | Establishment Expenses | RP-12 | 50.00 |
| 220000000 | Administrative Expenses | RP-13 | 535.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 5857.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 12642130.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 4306734.00 |
| 460000000 | Loans, Advances and Deposits | RP-49 | 261386.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 1600.00 |
| 340000000 | Deposits Received | RP-33 | 357784.00 |
| 350000000 | Other Liabilities | RP-35 | 775422.00 |
| | **Grand total** | | **45392122.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 78550.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 2345745.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 76500.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 454346.00 |
| 460000000 | Loans, Advances and Deposits | RP-49 | 427110.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 349326.00 |
| 350000000 | Other Liabilities | RP-35 | 24473693.00 |



Digitally signed by MICHA
Date: 2023.07.12 17:45:1
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| | **Closing Balance** | | |
| Bank | Bank | RP-40(b) | 17155202.00 |
| Cash | Cash | RP-40(b) | 31650.00 |
| | **Grand Total** | | **45392122.00** |



Deputy Director
District Audit Office, Thrissur